# ഔദ്യോഗിക ചിഹ്നങ്ങളിലെ ആദർശവാക്യങ്ങൾ

## ഹരിപ്രസാദ്, വി.ടി.കടമ്പൂര്

ഭാരതത്തിലെ വിവിധസ്ഥാപനങ്ങളുടെ ഔദ്യോഗികമുദ്രകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന അർത്ഥപൂർണ്ണവും ആശയസമ്പുഷ്ടവുമായ ആപ്തവാക്യങ്ങൾ മിക്കതും വേദങ്ങൾ, ഉപനിഷത്തുക്കൾ, രാമായണം, മഹാഭാരതം, കാളിദാസാദി മഹാകവികളുടെ കാവ്യഗ്രന്ഥങ്ങൾ എന്നിവയിൽ നിന്നൊക്കെ സ്വീകരിച്ച അമൂല്യങ്ങളായ സൂക്തിരത്നങ്ങളാണ്. കൂട്ടത്തിൽ സന്ദർഭോചിതമായി നിർമ്മിച്ച ചില വാക്യങ്ങളുമുണ്ട്. അവയിൽ മിക്കതും ഭാരതത്തിന്റെ ഔദ്യോഗിലിപിയായ ദേവനാഗരിയിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. വിഷയാനുപ്രസക്തമായ അവയുടെ ഔചിത്യം വിവേചിച്ചറിയുന്നതിനും വിശാലമായ ആശയപ്രപഞ്ചത്തെ മുറുക്കിയും കുറുക്കിയും പ്രയോഗിക്കുന്ന സംസ്കൃതഭാഷയുടെ കൈയ്യടക്കത്തെപ്പറ്റി മനസ്സിലാക്കുന്നതിനും സഹായിക്കുന്ന ഈ പ്രദർശിനി ചില ക്ലാസുകളിലെ പഠനപ്രവർത്തനത്തിനുകൂടി സഹായകമാണ്.




ഭാരത സർക്കാരിന്റെ ഔദ്യോഗികമുദ്രയായ അശോകസ്തംഭത്തിൽ സത്യമേവ ജയതേ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. *സത്യമേവ ജയതേ നാനൃതം* എന്നാണ് മുണ്ഡകോപനിഷത്തിൽ നിന്നുദ്ധരിച്ച മന്ത്രത്തിന്റെ പൂർണ്ണരൂപം. സത്യം മാത്രം ജയിക്കുന്നു, അസത്യം ജയിക്കില്ല എന്നാണ് ഈ വാക്യം അർത്ഥമാക്കുന്നത്.

മഹാഭാരതയുദ്ധത്തിൽ വിമുഖനായ അർജ്ജുനന് തത്വോപദേശം നല്കുന്ന ശ്രീകൃഷ്ണൻ തന്റെ യോഗവും ക്ഷേമവും ഞാൻ നോക്കിക്കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഭഗവദ്ഗീതയിലെ *യോഗക്ഷേമം വഹാമ്യഹം* എന്ന ആ ശ്രീകൃഷ്ണവാക്യമാണ് എൽ.ഐ.സി യുടെ മുഖവാക്യം. കാറ്റിൽപ്പെട്ട ദീപനാളം പോലെ ഏതുനിമിഷവും അണഞ്ഞുപോയേക്കാവുന്ന മർത്യജീവിതത്തിൽ കുടുംബത്തിന്റെ യോഗവും ക്ഷേമവും തങ്ങൾ വഹിച്ചുകൊള്ളാമെന്ന് എൽ.ഐ.സി യും വാഗ്ദാനം ചെയ്യുന്നു.



മഹാഭാരതത്തിൽ പലഘട്ടങ്ങളിലും ആവർത്തിച്ചുദ്ഘോഷിക്കുന്ന തത്വശകലമാണ് **യതോ ധർമ്മസ്തതോ ജയഃ** എന്നത് . " ധർമ്മമെങ്ങവിടെ ജയം" എന്നർത്ഥം വരുന്ന ആ ആദർശവാക്യമാണ് ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ ചിഹ്നത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്.

കാളിദാസമഹാകവിയുടെ കുമാരസംഭവം എന്ന മഹാകാവ്യത്തിലെ

**ശരീരമാദ്യം ഖലു ധർമ്മസാധനം**

എന്ന സുപ്രസിദ്ധമായ ശ്ലോകപാദമാണ് ആതുര ചികിത്സാ രംഗത്തെ പ്രമുഖരായ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ (എയിംസ്) ആപ്തവാക്യം. ഏതൊരു കാര്യവും ചെയ്യാൻ നമുക്ക് ആദ്യം വേണ്ടത് സ്വസ്ഥമായ ശരീരമാണ് എന്നാണ് ഈ വാക്യത്തിന്റെ സാരം.

കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയായ കേരള സർവ്വകലാശാല 1937 ലാണ് സ്ഥാപിതമായത്. വിടർന്ന താമരപ്പൂവിന്റെ പശ്ചാത്തലത്തിൽ തിരുവിതാംകൂറിന്റെ രാജമുദ്രയായ വലംപിരിശംഖും വ്യാസപീഠത്തിൽ ചേർത്തുവെച്ച താളിയോലഗ്രന്ഥവും അടങ്ങിയ കേരളസർവ്വകലാശാലയുടെ ഔദ്യോഗിക ചിഹ്നത്തിൽ **"കർമ്മണി വ്യജ്യതേ പ്രജ്ഞാ"** എന്ന ദേവനാഗരീ ലിപിയിൽ ആലേഖനം ചെയ്തിരിക്കുന്നു. വിഷ്ണുശർമ്മയുടെ പ്രസിദ്ധമായ പഞ്ചതന്ത്രത്തിലെ മിത്രഭേദം എന്ന ഭാഗത്തിൽ നിന്നും സ്വീകരിച്ചതാണ് ഈ സൂക്തം. "ഒരാളുടെ പ്രവൃത്തി, അയാളുടെ അറിവിനെ വ്യക്തമാക്കുന്നു" എന്നാണ് ഈ സൂക്തത്തിന്റെ സാരം.

കാലിക്കറ്റ് സർവ്വകലാശാലയുടെ മുദ്രയിൽ മലയാളം ലിപിയിൽ ആലേഖനം ചെയ്യപ്പെട്ട **"നിർമ്മായ കർമ്മണാ ശ്രീഃ"** എന്ന ആപ്തവാക്യവും പ്രവൃത്തിയുടെ മഹത്വത്തെ വ്യക്തമാക്കുന്നു. കളങ്കമില്ലാത്ത പ്രവൃത്തി കൊണ്ടാണ് ഐശ്വര്യം ഉണ്ടാവേണ്ടതെന്ന് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

കേരളത്തിലെ ശാസ്ത്ര -സാങ്കേതിക സർവ്വകലാശാലയായ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി - കുസാറ്റ്- ന്റെ ഔദ്യോഗികമുദ്രയിൽ വിശ്വപ്രസിദ്ധമായ ഉപനിഷദ് ശാന്തിമന്ത്രത്തിലെ **തേജസ്വി നാവധീതമസ്തു** എന്ന ഭാഗം മലയാളത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. കഠോപനിഷത്തിലും തൈത്തിരീയോപനിഷത്തിലെ ബ്രഹ്മാനന്ദവല്ലിയിലും ആവർത്തിച്ചു കാണുന്ന, ഗുരുശിഷ്യബന്ധത്തിന്റെ ദൃഢതയെ ഉയർത്തിക്കാട്ടുന്ന ഈ മന്ത്രപാദത്തിന്റെ അർത്ഥം ഞങ്ങൾ പഠിച്ചതെല്ലാം തെളിഞ്ഞുവരട്ടെ എന്നതാണ്.

കണ്ണൂർ സർവ്വകലാ ശാലയുടെ ഔദ്യോഗിക ചിഹ്നത്തിലെ **"തമസോ മാ ജ്യോതിർ ഗമയ"**എന്ന സുപ്രസിദ്ധമായ സൂക്തം ബൃഹദാരണ്യകോപനിഷത്തിൽ നിന്നും സ്വീകരിച്ചതാണ്. അജ്ഞാനമാകുന്ന അന്ധകാരത്തിൽ നിന്നും എന്നെ അറിവിന്റെ പ്രകാശവീഥിയിലേക്ക് നയിച്ചാലും എന്നർത്ഥം വരുന്ന ഈ പ്രകാശപ്രാർത്ഥന പഞ്ചാബ് യൂണിവേഴ്സിറ്റി, ജമ്മു യൂണിവേഴ്സിറ്റി എന്നിങ്ങനെ ഇന്ത്യയിലെ ഒട്ടനവധി സ്ഥാപനങ്ങളുടെയും ആദർശസൂക്തമാണ്.

കാലടി ശ്രീശങ്കര സംസ്കൃത സർവ്വകലാശാലയുടെ **"ജ്ഞാനാദേവ തു കൈവല്യം"**എന്ന ആദർശസൂക്തം ശ്രീശങ്കരന്റെ ഭാഷ്യഗ്രന്ഥത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടതാണ്. സമസ്തദുഃഖങ്ങളിൽ നിന്നുമുള്ള മോചനം അറിവിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ എന്ന് നമ്മെ ഉപദേശിച്ചുകൊണ്ട് ഈ സൂക്തം അറിവിന്റെ മഹത്വത്തെ വ്യക്തമാക്കുന്നു.

മഹാത്മാ ഗാന്ധി (എം.ജി) യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക ചിഹ്നത്തിൽ ഈശാവാസ്യോപനിഷത്തിലെ പ്രസിദ്ധമായ **വിദ്യയാ അമൃതമശ്നുതേ** എന്ന മന്ത്രഭാഗമാണ് ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്നത്. വിദ്യകൊണ്ട് അമരത്വത്തെ പ്രാപിക്കുന്നു എന്നർത്ഥം വരുന്ന ഈശാവാസ്യോപനിഷത്തിലെ ഈ മന്ത്രഭാഗം വിദ്യയുടെ മറ്റൊരു മഹത്വത്തെയാണ് വെളിവാക്കുന്നത്.

നാഷണൽ കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ് -**എൻ.സി.ഇ.ആർ.ടി** - എന്ന ദേശീയ വിദ്യാഭ്യാസ ഗവേഷണ-പരിശീലന സ്ഥാപനത്തിന്റെ മുദ്രയിലും **വിദ്യയാ അമൃതമശ്നുതേ** എന്ന ഇതേ ഈശാവാസ്യമന്ത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്.

സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ്-**എസ്.സി.ഇ.ആർ.ടി**-യുടെ(ഡൽഹി) മുദ്രയിലാകട്ടെ **സ്വാധ്യായാത് മാ പ്രമദഃ** എന്ന തൈത്തിരീയോപനിഷത്ത് ശിക്ഷാവല്ലിയിലെ മന്ത്രഭാഗം സ്വീകരിച്ചിരിക്കുന്നു. "അധ്യയനത്തിൽ നിന്നും അധ്യാപനത്തിൽ നിന്നും നീ തെറ്റിനടക്കരുത്" എന്ന ഗുരൂപദേശമാണ് പ്രസക്തമായ മന്ത്രഭാഗത്തിൽ അടങ്ങിയിരിക്കുന്നത്.

"സത്യത്തിന്റെ മുഖം എല്ലായ്പ്പോഴും കനകപാത്രം കൊണ്ട് മൂടപ്പെട്ടിരിക്കുന്നു" എന്ന ഉപനിഷദ്ദർശനം പ്രസിദ്ധമാണ്. അജ്ഞാതമായ ആ സത്യത്തെ നീ തുറന്നു കാട്ടേണമേ എന്ന് ആത്മജ്യോതിസ്സിനോട് അകമഴിഞ്ഞു പ്രാർത്ഥിക്കുന്ന ഈശാവാസ്യത്തിലെ **തത് ത്വം പൂഷൻ അപാവൃണു** എന്ന സൂക്തഭാഗമാണ് കേന്ദ്രീയ വിദ്യാലയത്തിന്റെ ചിഹ്നത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നാല് മഹാവാക്യങ്ങളിൽ പെട്ട **പ്രജ്ഞാനം ബ്രഹ്മ** എന്ന മഹാവാക്യമാണ് നവോദയ വിദ്യാലയസമിതിയുടെ ആദർശവാക്യം. ലോകത്തിന്റെ നേത്രം വിശിഷ്ടമായഅറിവാണ്. ആ വിശേഷജ്ഞാനം തന്നെയാണ് ബ്രഹ്മം അഥവാ ഈശ്വരൻ എന്നെല്ലാം ഉദ്ഘോഷിക്കുന്ന ഐതരേയോപനിഷദ് വാക്യവും അറിവിന്റെ മഹത്വത്തെത്തന്നെയാണ് പുകഴ്ത്തിപ്പാടുന്നത്.

സർവ്വകലാശാലാ വിദ്യാഭ്യാസത്തെ ഗുണനിലവാരമുള്ളതാക്കാൻ സ്ഥാപിച്ച യു.ജി.സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ **ജ്ഞാന-വിജ്ഞാനം വിമുക്തയേ** എന്ന സൂക്തം തങ്ങളുടെ ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്നു. അറിവും വിശേഷജ്ഞാനവും മോചനത്തിനു സഹായിക്കുന്നു എന്നാണ് ഈ വാക്യത്തിന്റെ പൊരുൾ.

കഠോപനിഷത്തിലെ ഏറ്റവും സുപ്രസിദ്ധമായ സൂക്ത്യംശമാണ് **ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യ വരാൻ നിബോധത!** എന്നത്. ഉണരുവിൻ ! സന്നദ്ധനാകുവിൻ ! ശ്രേഷ്ഠന്മാരെ സമീപിച്ച് ഉദ്ബുദ്ധനാകുവിൻ! എന്ന ഉദ്ബോധനമാണ് ഇന്ത്യൻ സ്കൂൾ ഓഫ് മൈൻസ് എന്ന സ്ഥാപനത്തിന്റെ മുഖവാക്യം.

ഒരു വ്യക്തിയുടെ ഏതൊരവകാശത്തെയും സംരക്ഷിച്ചു നല്കാനുള്ള ബാധ്യതയോടുകൂടി പ്രവർത്തിക്കുന്ന ദേശീയ മനുഷ്യാവകാശ കമ്മീഷൻ സുപ്രസിദ്ധമായ ശാന്തിമന്ത്രത്തിലെ **സർവ്വേ ഭവന്തു സുഖിനഃ** എന്ന പ്രഥമപാദം തങ്ങളുടെ ഔദ്യോഗിക ചിഹ്നത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. എല്ലാവരും സുഖികളായി തീരട്ടേ എന്നാണ് ഈ പദ്യഭാഗം ആശംസിക്കുന്നത്.

"ന ഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ" എന്ന് ഭഗവദ്ഗീതയും അറിവിന്റെ മഹത്ത്വത്തെ കീർത്തിച്ച് പാടിയിട്ടുണ്ട്. അറിവിന് തുല്യം ശുദ്ധിക രമായ മറ്റൊരു വസ്തുവില്ലെന്ന പ്രസിദ്ധമായ ആ ശ്ലോക പാദമാണ് മൈസൂർ യൂണിവേഴ്സിറ്റിയുടെ മുഖവാക്യം. **ന ഹി ജ്ഞാനേന സദൃശം** എന്ന് ദേവനാഗരി ലിപിയിൽ ഇത് ആലേഖനം ചെയ്തിരിക്കുന്നു.

ഭഗവദ്ഗീതയിലെ കർമ്മത്തിന്റെ മഹത്വം സൂചിപ്പിക്കുന്ന ശ്ലോകപാദമാണ് മദ്രാസിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി - ഐ.ഐ.ടി-യുടെ ആദർശവാക്യം. **ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർ ഭവതി കർമ്മജാ** എന്ന ശ്ലോകപാദമാണ് ഇവിടെ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ മനുഷ്യലോകത്ത് പ്രവൃത്തിയുടെ ഫലം എളുപ്പത്തിൽ കൈവരുന്നുവെന്നാണ് പദ്യത്തിന്റെ സാരാംശം.

സാങ്കേതികവിദ്യാഭ്യാസംപരിപോഷിപ്പിക്കുന്നതിനു സ്ഥാപി തമായ ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ -എ.ഐ.സി.ടി.ഇ- തങ്ങളുടെ ലക്ഷ്യം പ്രഖ്യാപിക്കുന്നതിനും ഭഗവദ്ഗീതയിൽ നിന്നാണ് ആശയം കടംകൊണ്ടത്.. പ്രവൃത്തിയിലുള്ള സാമർത്ഥ്യമാണ് യോഗം എന്നർത്ഥം വരുന്ന **യോഗഃ കർമ്മസു കൗശലം** എന്ന ഗീതയിലെ കർമ്മയോഗത്തിലെ ശ്ലോകാംശമാണ് മുഖ വാക്യമായി അവർ സ്വീകരിച്ചിരിക്കുന്നത്.

സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി സ്കൂൾ - സി.ബി.എസ്.ഇ- തങ്ങളുടെ മുദ്രയിൽ **അസതോ മാ സദ്ഗമയ** എന്ന ബൃഹദാരണ്യകോപനിഷത്തിലെ സുപ്രസിദ്ധമായ സൂക്തിയാണ് ഉദ്ധരിച്ച് ചേർത്തിരി ക്കുന്നത്. തെറ്റിൽ നിന്നു അഥവാ ശരിയല്ലായ്മയിൽ നിന്നു എന്നെ നേരിലേക്ക് നയിച്ചാലും എന്നാണ് ഈ സൂക്തത്തിന്റെ ലളിതമായ വ്യാഖ്യാനം. ഭാരതത്തിലെ മറ്റ് ഒട്ടനവധി സ്ഥാപനങ്ങളും ഈ സൂക്ത്യംശം മുഖവാക്യമായി സ്വീകരിച്ചിട്ടുണ്ട്

തയ്യാറാക്കിയത്- ഹരിപ്രസാദ്,വി.ടി.കടന്നൂര്
കടന്നൂര് പോസ്റ്റ് , കണ്ണൂര്.670663
ഫോൺ -9446431656

**HARIPRASAD.V.T.KADAMBOOR**
**KADAMBOOR (PO)**
**KANNUR -670663**
**Mob- 9446431656**

ആകാശവാണിയുടെ **ബഹുജനഹിതായ ബഹുജനസുഖായ** , ദൂരദർശന്റെ **സത്യം ശിവം സുന്ദരം എന്നീ ആപ്തവാക്യങ്ങൾ അവയുടെ പ്രവർത്തനലക്ഷ്യത്തെ പൂർണ്ണ മായും വെളിപ്പെടുത്തുന്ന വാക്യങ്ങളാണ്.**